ച്ചു. നയന മനോഹരമായ ഒരു കുന്നിലാണ് ആ ക്ഷേത്രനിൽ

(തുടരും)

# കേമൻ
# വില്ലൻ

ദനം
ൾ 4.7
ട്ടെണ്ണു
നൽ
ണൽ
വിൽ

; തുറന്ന അന്തരീക്ഷത്തിൽ കമ്പ്യൂട്ടർ ഭാഗങ്ങളും സർക്യൂട്ട് ബോർഡുകളും കത്തിക്കുമ്പോൾ പോളിസൈക്ലിക് ആരോമാറ്റിക് ഹൈഡ്രോ കാർബൺ വിഷധൂമങ്ങൾ അന്തരീക്ഷത്തിൽ കലരുന്നു....

സഹതാപത്തിന്റെ പേരിൽ നടക്കുന്ന ഇ-വേസ്റ്റുകളുടെ രാജ്യാന്തര കടത്ത് അന്താരാഷ്ട്ര കരാറായ ബേസൽ ഉടമ്പടിയുടെ നഗ്നമായ ലംഘനമാണ്. അപകടകാരികളായ മാലിന്യങ്ങളുടെ രാജ്യന്തര നീക്കം സംബന്ധിച്ച ഉടമ്പടിയാണിത്. അത്തരം മാലിന്യങ്ങളുടെ സ്വതന്ത്രനീക്കത്തിന് ഈ ഉടമ്പടി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് മാലിന്യങ്ങൾ തങ്ങളുടെ അതിർത്തിക്കപ്പുറം വിടുന്നു എന്ന വിവരം കയറ്റി അയയ്ക്കുന്ന രാജ്യം പ്രഖ്യാപിക്കണം ; ഇറക്കുമതി ചെയ്യുന്ന രാജ്യം ഉപാധിയോടെയോ അല്ലാതെയോ അത് അംഗീകരിച്ചിരിക്കുകയും വേണം. ഒരിടത്ത് ഉണ്ടാകുന്ന മാലിന്യങ്ങൾ അന്നാട്ടിൽത്തന്നെ സംസ്കരിക്കപ്പെടണമെന്നതാണ് ഉടമ്പടിയുടെ ഉദ്ദേശ്യം. പക്ഷേ അതൊക്കെ പരാജയപ്പെടുത്താൻ നാം പഠിച്ചു കഴിഞ്ഞിരിക്കുന്നു.

ഇലക്ട്രോണിക് മാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള ഉത്തരവാദിത്തം അതിന്റെ നിർമാതാവിന് തന്നെയെന്നതാണ് ആധുനിക സങ്കൽപ്പം. ബെൽജിയം, ഡെന്മാർക്ക്, ഇറ്റലി, നെതർലാന്റ്, നോർവേ, സ്വീഡൻ, പോർച്ചുഗൽ, ജപ്പാൻ, തായ്‌വാൻ, കൊറിയ തുടങ്ങിയ രാജ്യങ്ങളിലെല്ലാം 'ഇലക്ട്രോണിക് റിക്കവറി നിയമം' കർക്കശമാണ്. ഉപയോഗശൂന്യമായ ഇ-വേസ്റ്റ് ഉൽപ്പാദകൻ തന്നെ തിരിച്ചെടുക്കണം. ഈ നയങ്ങളുടെ ചുവടുപിടി

രം

ൂർ

ബാറ
പ്പാർട്ട്
ഗ്ഗൻഗ
സൂച
ഷമാ
ൽ ഇ
നുപ
കൃതി



# മണലാരണ്യത്തിന്റെ മനസിലൂടെ



ഏത് വിഷയത്തിലും സമഗ്രവും സമ്പൂർണവുമായ അവബോധം വായനക്കാരന് നൽകാൻ കഴിയുമ്പോഴാണ് ഒരു പുസ്തകം ആസ്വാദ്യജനകമാകുന്നത്. വിവരിക്കുന്ന സംഭവങ്ങൾക്ക് എപ്പോഴും ഒരു പശ്ചാത്തലമുണ്ടാവണം. പശ്ചാത്തലത്തിന്റെ പിൻബലമില്ലാതെ വസ്തുതകൾ നിലനിൽക്കുന്നില്ല. വസ്തുതകൾ സങ്കീർണ്ണമാകുമ്പോൾ സംഘട്ടനങ്ങൾ ഉടലെടുക്കുന്നു.

മലയാളസാഹിത്യത്തിൽ നാടകം, നോവൽ, കഥ, കവിത, ലേഖനം, യാത്രാവിവരണം തുടങ്ങി എല്ലാ മേഖലകളിലും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കാരൂർ സോമൻ ഗൾഫ് പശ്ചാത്തലമാക്കി എഴുതിയ ലേഖന സമാഹാരമാണ് 'കഥകളുറങ്ങുന്ന പുണ്യഭൂമി'. സാധാരണ മതവിശ്വാസികളുടെ മനസിന്റെ ഏകാഗ്രത നഷ്ടപ്പെടുമോ എന്നൊരു തോന്നൽ ഈ കൃതി വായിച്ചാലുണ്ടാവും. എന്നിരുന്നാലും മതാത്മകതയിൽനിന്നും ആദ്ധ്യാത്മികതയിലേക്ക് മനസ് വഴുതുന്നതായി അനുഭവപ്പെടും. നീണ്ട വർഷങ്ങൾ ഗൾഫിൽ കഴിഞ്ഞ കാരൂരിന്റെ ജീവിതാനുഭവങ്ങൾ ഈ രചനയെ സാരവത്താക്കിയിട്ടുണ്ട്.



## പുസ്തക പരിചയം

### നകുലൻ

ഏദൻതോട്ടങ്ങൾ ഗൾഫിലുണ്ട്. ഇതിൽ എവിടെയാണ് മനുഷ്യർ ജന്മമെടുത്തത്. എത്രയെത്ര ഭൂഖണ്ഡങ്ങളിൽ മനുഷ്യർ പാർക്കുന്നു. ഇവരെല്ലാം ആദം ഹവ്വമാരുടെ മക്കളാണോ? ഇസ്ലാം പിറവിയെടുക്കുന്നതിന് മുൻപ് ഗൾഫിൽ ക്രൈസ്തവരുണ്ടായിരുന്നുവെന്നും അതിന് തെളിവായി ലോകത്തെ ഏറ്റവും വലിയ പെട്രോൾ ഉൽപ്പാദന കേന്ദ്രമായ അൽ-ജുബൈലിൽ ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന പള്ളി നേരിൽ കണ്ടതായും കാരൂർ സോമൻ രേഖപ്പെടുത്തുന്നു.

ഗൾഫ് നാടുകളെക്കുറിച്ച് അറിയാൻ ആഗ്രഹിക്കുന്നവർക്കും അറിഞ്ഞവർക്ക് അതിന്റെ ആഴം വർദ്ധിപ്പിക്കാനും ഉതകുന്ന രചനയാണിതെന്ന് നിസ്സംശയം പറയാം. വായനാനുകൂലമായ രചനാ ശൈലി കഥകളുറങ്ങുന്ന പുണ്യഭൂമിയെ വ്യത്യസ്തമാക്കുന്നു. എൻബിഎസ് വില 75 രൂപ.

# പുതിയ പുസ്തകങ്ങൾ


**ശുനകപുരം വാർത്തകൾ**



തനിക്കു ചുറ്റും നടക്കുന്ന സംഭവങ്ങളെ നോക്കിക്കാണുന്ന ഒരു കഥാകൃത്തിന്റെ ദർശന വൈവിധ്യം ആക്ഷേപഹാസ്യത്തിന്റെ ചടുല സൗന്ദര്യത്തോടെ എം.ഒ.ജി. മലപ്പട്ടം ആവിഷ്കരിച്ച ഇരുപത് ... ഷേഴ്സ്. വില: 75 രൂപ.

**മുഖാവരണമണിഞ്ഞ നാം**

ഭഗ്നപ്രണയത്തിന്റെ പരിശിഷ്ടത്തിനുമേൽ അണിഞ്ഞിരിക്കുന്ന ആവരണമാണ് പെരിങ്ങര രാജഗോപാൽ രചി



ച്ചിരിക്കുന്ന ഈ കഥാസമാഹാരത്തിലെ കഥകൾ. ശിശുവർഷത്തിലൊരിക്കൽ, ഒരു പെണ്ണിന്റെ കഥ, ഡെബിറ്റ് ബാലൻസ്, ബേബി ... ടെ ഉത്തരങ്ങളും പുതിയ ലോകത്തെയും ആലോചനയേയും ചിന്തയേയും കാട്ടിത്തരുന്നു. ധ്യാനഭൂമികയുടെ സമ്പാദനവും സങ്കലനവും നിർവഹിച്ചിരിക്കുന്നത് ഡോ.ആർ.ഗോപീമണിയാണ്. പ്രസാധകർ: റെയ്ൻബോ ബുക് പബ്ലിഷേഴ്സ്. വില: 100 രൂപ.